# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5536 24.05.2017 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## എംപാനൽ ഡ്രൈവർ പ്രേമചന്ദ്രകുമാറിനെ ലോക്കപ്പിൽ മർദ്ദിച്ച പോലീസുകാർക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കെ.എസ്.ആർ.ടി.സി എംപാനൽ ഡ്രൈവറായിരുന്ന വെള്ളിമൺ വെസ്റ്റ് പ്രതാപമന്ദിരത്തിൽ ബി. പ്രേമചന്ദ്രകുമാറിനെതിരെ പുനലൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ രജിസ്റ്റർ ചെയ്ത സി.സി. 1728/2009 നമ്പർ കേസിൽ സി.ആർ.പി.സി.173(8) പ്രകാരം ഡിറ്റക്ടീവ് ഇൻസ്പെക്ടർ, സി.ബി.സി.ഐ.ഡി കൊല്ലം സബ് യൂണിറ്റ് നടത്തിയ പുനരന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെയാണ്; | (എ) കെ.എസ്.ആർ.ടി.സി എം.പാനൽ ഡ്രൈവറായിരുന്ന വെള്ളിമൺ വെസ്റ്റ് പ്രതാപമന്ദിരത്തിൽ ബി. പ്രേമചന്ദ്രകുമാറിനെതിരെ പുനലൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 345/2008 u/s 283, 353 IPC & 185 of MV Act കേസ്, ലോക്കൽ പോലീസ് അന്വേഷണം നടത്തി, ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരുന്നതും ആയത് സി.സി.നമ്പർ 1728/2009 പ്രകാരം വിചാരണ നടന്നുവരികയുമായിരുന്നു. വിചാരണ വേളയിൽ, ശ്രീ.പ്രേമചന്ദ്രകുമാറിന്റെ പരാതിയിന്മേൽ ടി കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറുകയും ക്രൈം നമ്പർ 426/CR/HHW-I/Tvpm/2012 ആയി റീ നമ്പർ ചെയ്ത് ക്രൈംബ്രാഞ്ചിൽ അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. അന്വേഷണത്തിൽ, ശ്രീ.പ്രേമചന്ദ്രകുമാർ, 283 IPC & 185 of MV Act എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തതായി വെളിവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ കുറ്റപത്രം തയ്യാറാക്കി ബഹുമാനപ്പെട്ട പുനലൂർ JFMC-II മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും വിചാരണ നടന്നുവരുന്നതുമാകുന്നു. |
| (ബി) പുനലൂർ പോലീസ് ടിയാനെതിരെ കള്ളക്കേസ് എടുക്കുകയായിരുന്നു എന്ന പരാതിയിന്മേലും ടിയാനെ കണ്ടറ പോലീസ് | (ബി) പുനലൂർ പോലീസ് ടിയാനെതിരെ കള്ളക്കേസ് എടുക്കുകയായിരുന്നു എന്ന പരാതിയിലും കണ്ടറ പോലീസ് മർദ്ദിച്ച |

ലോക്കപ്പിൽ മർദ്ദിച്ചുവെന്ന പരാതിയിലും അന്വേഷണം നടത്തിയോ; എങ്കിൽ പ്രസ്തുത അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ പോലീസുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

എന്ന പരാതിയിലും അന്വേഷണം നടത്തിയിട്ടുള്ളതും, പരാതി അടിസ്ഥാന രഹിതമാണെന്ന് വെളിവായിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ.